**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3212** **07-10-2025 - ൽ മറുപടിയ്ക്ക്**

**നെടുകണ്ടം പച്ചടിയിലെ ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടം പച്ചടിയിൽ നിർമ്മാണം പൂർത്തിയായി വരുന്ന ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശം നൽകാമോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇടുക്കി ജില്ലാ സ്റ്റേഡിയമായ കെ. പി. തോമസ് ജില്ലാ സ്റ്റേഡിയത്തിന്റെ പ്രവൃത്തിയ്ക്കായി 40 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 33.78 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിക്കുകയും ചെയ്തു. ഇതേ തുടർന്ന് 16.02.2020ൽ 32.53 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും M/s. വെസ്റ്റ് കൺസ്ട്രക്റ്റ് എന്ന സ്ഥാപനവുമായി 30.76 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 15.02.2021 ൽ ആരംഭിച്ചു. നിലവിൽ 86% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ കായിക ഇനങ്ങൾ നടത്തുവാനുള്ള സൗകര്യമാണ് ഈ സ്റ്റേഡിയത്തിൽ ഏർപ്പെടുത്തുന്നത്; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത സ്റ്റേഡിയത്തിൽ ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ, ഹാന്റ്ബോൾ, വോളീബോൾ എന്നിവയ്ക്കുള്ള സൗകര്യമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ടി സ്റ്റേഡിയത്തിൽ 4 ബാസ്കറ്റ് ബോൾ കോർട്ടുകൾ (28mx15m), 12 ബാഡ്മിന്റൺ കോർട്ടുകൾ (13.4mx6.1m), 3 ഹാന്റ് ബോൾ കോർട്ടുകൾ (40mx20m), 4 വോളീബോൾ കോർട്ടുകൾ (18mx9m) എന്നിവയാണുള്ളത്. |
| (സി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ കാലാവധി എന്നുവരെയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 14.08.2022 വരെയായിരുന്നു. ടി പ്രവൃത്തിയ്ക്കായി എസ്.പി.വി-യായ M/s. കിറ്റ്കോയ്ക്ക് 11.10.2025 വരെ നിർമ്മാണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം 2026 ജനുവരിയിൽ പൂർത്തീകരിക്കുന്നതാണെന്ന് എസ്.പി.വി-യായ M/s. കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ